بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 29.03.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## പ്രാർഥനയുടെ യാഥാർഥ്യവും സ്വീകാര്യതയും തത്വവും

اَشْهَدُ اَنْ لَّاۤ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۝ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۝

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ اَلرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۝ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

وَاِذَا سَاَلَكَ عِبَادِیۡ عَنِّیۡ فَاِنِّیۡ قَرِیۡبٌ ؕ اُجِیۡبُ دَعۡوَۃَ الدَّاعِ اِذَا دَعَانِ ۙ فَلۡیَسۡتَجِیۡبُوۡا لِیۡ وَلۡیُؤۡمِنُوۡا بِیۡ لَعَلَّہُمۡ یَرۡشُدُوۡنَ ۝۱۸۷

(എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോടു ചോദിക്കുന്ന പക്ഷം, (പറയുക) നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർഥിക്കുന്നവന്റെ പ്രാർഥനയ്ക്ക് ഞാൻ ഉത്തരം നല്കും; അവൻ എന്നെ വിളിച്ചു പ്രാർഥിക്കുമ്പോൾ. അതുകൊണ്ട്, അവർ എന്റെ വിളിക്ക് ഉത്തരം നല്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ; അവർ സൻമാർഗം പ്രാപിക്കുന്നതിനുവേണ്ടി.)

വ്രതാനുഷ്ഠാനത്തിന്റെ കൽപ്പനകളുടെ കൂടെയാണ് ഈ ആയത്ത് അല്ലാഹു വെച്ചിരിക്കുന്നത്, മറിച്ച് അത് അതിനിടയിൽ വെച്ചിരിക്കുന്നു എന്ന് പറയാം. റമദാന് പ്രാർഥനയുമായി പ്രത്യേക ബന്ധമുണ്ടെന്ന് ഇത് കാണിക്കുന്നു. റമദാനിൽ അല്ലാഹു തആല തന്റെ ദാസന്മാരോട് പ്രത്യേക സ്നേഹം കാണിക്കുന്നു. സാധാരണ ദിവസങ്ങളിലും അല്ലാഹുവിന് തന്റെ ദാസനുമേൽ സ്നേഹകടാക്ഷമുണ്ട്. അല്ലാഹുവിന്റെ റസൂൽ(സ) പറയുന്നു: സർവ്വശക്തനായ അല്ലാഹു പറയുന്നു: എന്റെ ദാസനോട് അവന്റെ മനോഗതത്തിന് അനുസരിച്ചാണ് ഞാൻ പെരുമാറുന്നത്, ദാസൻ എന്നെ സ്മരിക്കുമ്പോൾ, ആ സമയത്ത് ഞാൻ അവനോടൊപ്പം ഉണ്ട്. അവൻ എന്നെ മനസ്സിൽ സ്മരിക്കുന്നുവെങ്കിൽ, എന്റെ മനസ്സിൽ ഞാനും അവനെ ഓർക്കുന്നു. അവൻ എന്റെ അടുത്തേക്കു നടന്നു വന്നാൽ, ഞാൻ അവന്റെ അടുത്തേക്ക് ഓടിയടുക്കുന്നു. അപ്പോൾ അല്ലാഹു തന്റെ അടിമയോട് സാധാരണ സാഹചര്യങ്ങളിൽപോലും ഇതുപോലെയാണ് പെരുമാറുന്നത് എങ്കിൽ റമദാനിൽ അല്ലാഹു എത്ര ഔദാര്യവനാണ് എന്ന് നമുക്ക് ഊഹിക്കാൻ പോലും കഴിയില്ല. എന്നാൽ ഇതെല്ലാം ഹൃദയത്തിന്റെ അടിത്തട്ടിൽനിന്ന് ആവണമെന്നാണ് നിബന്ധന.

തിരുനബി(സ) പറഞ്ഞു: അല്ലാഹു ഏറ്റവും ലജ്ജയുള്ളവനും അന്തസുടയവനും ഉദാരനുമാണ്. ഭൃത്യൻ തന്റെ രണ്ടു കൈകളും അവന്റെ നേരെ ഉയർത്തുമ്പോൾ, അവൻ നാണിച്ച്, അവ ശൂന്യമായും വൃഥാവിലും അതിനെ തിരികെ അയക്കുന്നതിൽ ലജ്ജിക്കുന്നു.

ഞങ്ങൾ പ്രാർഥിച്ചെങ്കിലും പ്രാർഥന സ്വീകരിച്ചില്ലെന്ന് നമ്മൾ തിടുക്കത്തിൽ പറയുന്നു. എന്നാൽ അവരുടെ അവസ്ഥ എത്ര സത്യഹൃദയത്തോടെയാണെന്ന് അവർ നോക്കുന്നില്ല. അല്ലാഹുവിനെ വഞ്ചിക്കാൻ കഴിയില്ല. നമ്മുടെ ഹൃദയത്തിന്റെ അവസ്ഥ അവൻ അറിയുന്നു. അല്ലാഹുവിന്റെ തുറന്ന കവാടങ്ങളിൽ പ്രവേശിക്കണമെങ്കിൽ, അതിന്റെ അനിവാര്യതയെ നിറവേറ്റേണ്ടതുണ്ട്. ഈ വാക്യത്തിൽ പറഞ്ഞു: എന്റെ ദാസൻ യഥാർഥത്തിൽ അല്ലാഹുവിന്റെ അടിമകളാകാൻ ആഗ്രഹിക്കുന്ന ദാസന്മാർ എന്നാണ് അർത്ഥം. റമദാനിൽ ഈ പ്രവർത്തനത്തിന് ഒരു പ്രത്യേക അന്തരീക്ഷം ലഭ്യമാണ്. ഈ പരിതസ്ഥിതി മുതലെടുത്ത് ഇത്തരമൊരു സാഹചര്യം ഉണ്ടാക്കുമ്പോൾ അല്ലാഹു പറയുന്നു: എന്റെ അത്തരം ദാസന്മാരോടും എന്നെ സ്നേഹിക്കുന്നവരോടും പറയുക, ഞാൻ പ്രാർഥനകൾ കേൾക്കുകയും അവയ്ക്ക് ഉത്തരം നൽകുകയും ചെയ്യുന്നു. സ്നേഹത്തിന്റെ വാക്കാലുള്ള അവകാശവാദങ്ങൾ മാത്രം പോരാ എന്ന് അല്ലാഹു വ്യക്തമാക്കി; എന്റെ കൽപ്പനകൾ പാലിക്കേണ്ടി വരും. അല്ലാഹുവിനോടും ദാസന്മാരോടുമുള്ള കടമകൾ നിർവഹിക്കേണ്ടിവരും. വിശ്വാസദാർഢ്യം കൈവരിക്കുകയും വേണം.

ഹദ്‌റത് മസീഹ് മൗഊദ്(അ) പ്രാർഥനയുടെ യാഥാർഥ്യവും യുക്തിയും സ്വീകാര്യതയും തത്വവും വിശദീകരിച്ചു പറഞ്ഞിട്ടുണ്ട്. ആ മഹാത്മാവ് പറയുന്നു: ദൈവാസ്തിത്വത്തിനുള്ള തെളിവ് എന്താണ്? അതിനുള്ള മറുപടി ഞാൻ സമീപത്ത് തന്നെയുണ്ട് എന്നതാകുന്നു; വലിയ തെളിവുകളുടെയൊന്നും ആവശ്യമില്ല. എന്റെ അസ്തിത്വം വളരെ സാമീപ്യമുള്ള വഴിയിലൂടെ മനസ്സിലാക്കാൻ കഴിയുന്നതാണ്. വളരെ വേഗം എന്റെ അസ്തിത്വത്തിനെ സംബന്ധിച്ചു തെളിവ് ലഭിക്കുന്നതാണ്. ആ തെളിവ് എന്തെന്നാൽ ദുആ ചെയ്യുന്നയാൾ എന്നെ വിളിക്കുമ്പോൾ ഞാൻ അത് കേൾക്കുകയും (സുവാർത്ത നൽകുകയും) ചെയ്യുന്നു. (പക്ഷെ ഇത്തരം ആളുകളുടെ അവസ്ഥ തഖ്‌വയിലും ദൈവഭയത്തിലും ഉള്ളതായിരിക്കണം.) മറ്റൊരിടത്തു പറയുന്നു: അല്ലാഹുവിനെ സംബന്ധിച്ചു എങ്ങനെ അറിയാം എന്ന് ചോദിക്കുമ്പോൾ അതിനുള്ള മറുപടി, ഇസ്‌ലാമിന്റെ ദൈവം വളരെ സമീപസ്ഥനാകുന്നു എന്നതാകുന്നു. അവനെ സത്യഹൃദയത്തോടെ വിളിക്കുകയാണെങ്കിൽ അവൻ മറുപടി നൽകുന്നതാണ്. മറ്റു വിഭാഗങ്ങളുടെ, അതായത്, മറ്റു മതസ്ഥരുടെ ദൈവം സമീപസ്ഥനല്ല. മറിച്ചു വളരെ ദൂരെയാകുന്നു. അതിനെക്കുറിച്ച് അറിയാൻ തന്നെ പ്രയാസമാണ്.

ഞങ്ങൾ വിളിക്കുന്നുവെങ്കിലും മറുപടി ലഭിക്കുന്നില്ല എന്നാണ് പറയുന്നതെങ്കിൽ നോക്കുക. നിങ്ങൾ ഒരു സ്ഥലത്തു നിന്നുകൊണ്ട് വളരെ ദൂരെയുള്ള ഒരാളെ വിളിക്കുകയാണ്. നിങ്ങളുടെ കാതുകൾക്കാണ് പ്രശ്നമുള്ളത്. അല്ലാഹു മറുപടി നൽകുന്നുണ്ടെങ്കിലും നിങ്ങളുടെ വിശ്വാസം സുദൃഢമല്ല, നിങ്ങളുടെ സ്നേഹത്തിൽ കുറവുമുണ്ട്, അവൻ പറയുന്ന കാര്യങ്ങളനുസരിച്ചു നിങ്ങൾ നീങ്ങുന്നുമില്ല. ഈ ബധിരതയാണ് നിങ്ങളുടെ കാതുകളിലുള്ളത്. അത് കാരണം നിങ്ങൾക്ക് അവന്റെ ശബ്ദം കേൾക്കാൻ കഴിയുന്നില്ല.

വീണ്ടും പറയുന്നു: ദുആ ദൈവാസ്തിത്വത്തിനുള്ള ഉഗ്രൻ തെളിവാകുന്നു. ദുആ ഒരു വൻനിധിയാകുന്നു; ശക്തിയാകുന്നു. പ്രവാചകന്മാരുടെ ജീവിതത്തിന്റെ തായ്‌വേരും അവരുടെ വിജയങ്ങളുടെ അടിത്തറയും ശരിയായ മാർഗവും ഈ ദുആ തന്നെയായിരുന്നു. ആയതിനാൽ, ഞാൻ ഉപദേശിക്കുകയാണ്, തങ്ങളുടെ വിശ്വാസത്തിന്റെയും കർമത്തിന്റെയും ശക്തി വർധിപ്പിക്കുന്നതിന് ദുആകളിൽ മുഴുകുവിൻ. ദുആകൾ മുഖേന അല്ലാഹുവിന്റെ അനുഗ്രഹത്താൽ പര്യവസാനം ശുഭകരമായിത്തീരുന്നതിനുള്ള മാറ്റങ്ങൾ ഉണ്ടാകുന്നതാണ്.

ദുആയുടെ യഥാർഥ്യത്തെ വിവരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: മഅ്‌രിഫത്ത് അഥവാ ദിവ്യജ്ഞാനം ദൈവാനുഗ്രഹം മുഖേനയാണ് ലഭ്യമാവുക. ആ അനുഗ്രഹം മുഖേനത്തന്നെയാണ് അത് നിലനിൽക്കുകയും ചെയ്യുക. അനുഗ്രഹം ദിവ്യജ്ഞാനത്തെ സുദൃഢമാക്കുകയും പ്രകാശിതമാക്കുകയും ചെയ്യുന്നു. ഞങ്ങളും എല്ലാ ദിവസവും ദുആ ചെയ്യുന്നുവെന്നും നമസ്കാരം മുഴുവനും ദുആ തന്നെയാണെന്നും ഞങ്ങൾ അത് അനുഷ്ഠിക്കാറുണ്ടെന്നും മാത്രം ധരിച്ചുവശാകരുത്. കാരണം, ദിവ്യജ്ഞാനത്തിന്ശേഷം ദൈവാനുഗ്രഹം മുഖേന ഉണ്ടാകുന്ന ദുആയുടെ അവസ്ഥയും വർണവും ഒന്ന് വേറെ തന്നെയാണ്. പറയുന്നു. അത് മുച്ചൂടും ഇല്ലാതാക്കുന്ന ഒന്നാകുന്നു. അത് ഭസ്മീകരിക്കുന്ന അഗ്നിയാകുന്നു. അത് അനുഗ്രഹത്തെ ആകർഷിക്കുന്ന ഒരു കാന്തികശക്തിയാകുന്നു. അത് ഒരു മരണമാകുന്നു; പക്ഷെ, അത് അവസാനം ജീവൻ നൽകുന്നു. ദുആ അല്ലാഹുവിൽനിന്ന് വന്ന് അല്ലാഹുവിലേക്ക് തന്നെ പോകുന്നു. ദുആ മുഖേന അല്ലാഹു എത്രത്തോളം സമീപസ്തനാകുന്നു എന്നാൽ നിങ്ങളുടെ ജീവനെക്കാളും അവന് അടുത്തേക്കെത്തുന്നു. പറയുന്നു: അല്ലാഹു തന്റെ സൃഷ്ടികളുടെ നന്മക്ക്‌വേണ്ടി തുറന്ന വാതിൽ ദുആ തന്നെയാകുന്നു. ഒരാൾ കരഞ്ഞു വിലപിച്ചുകൊണ്ട് ഈ കവാടത്തിൽ പ്രവേശിക്കുമ്പോൾ അന്തസ്സുടയവനായ നാഥൻ അവനു പരിശുദ്ധിയുടെ ആട അണിയിക്കുന്നു. തന്റെ മഹത്വത്തിന്റെ പ്രതാപം അവനു എത്രമാത്രം നൽകുന്നുവെന്നാൽ അവൻ അനാവശ്യ കാര്യങ്ങളിൽനിന്നും അനുചിത കർമങ്ങളിൽ നിന്നും ബഹുകാതം ദൂരേക്ക് ഓടിമാറുന്നു.

ദുആ ഭൗതികലക്ഷ്യങ്ങൾക്ക്‌വേണ്ടി മാത്രമല്ല ചെയ്യുക. മറിച്ചു തന്റെ ദീനിലും തഖ്‌വയിലും മുന്നേറുന്നതിന്‌വേണ്ടിയും ദുആ ചെയ്യുന്നത് തന്നെയാണ് ഒരു യഥാർഥ വിശ്വാസിയുടെ ലക്ഷണം. ദുആയുടെ ഗഹനീയതയെ സംബന്ധിച്ചു വിശദീകരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: അനുഗ്രഹ സിദ്ധിക്കുള്ള ഏറ്റവും അടുത്ത മാർഗം ദുആയാകുന്നു. പരിപക്വമായ ദുആക്ക് അനിവാര്യമായിട്ടുള്ള കാര്യങ്ങൾ ഇവയാകുന്നു, അതിൽ ഒരു വേദനയും ആസ്വസ്ഥതയും ആർദ്രതയും ഉണ്ടായിരിക്കണം. വിനയാന്വിതവും ആർദ്രവും ആസ്വസ്ഥപരിതവുമായ ഹൃദയത്തിൽ നിന്നുയരുന്ന ദുആകൾ അല്ലാഹുവിന്റെ അനുഗ്രഹത്തെ വലിച്ചടിപ്പിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹം കൂടാതെ ഇതു സാധ്യമല്ല. പിന്നെ അതിനുള്ള പ്രതിവിധി ദുആ ചെയ്തുകൊണ്ടിരിക്കുക എന്നതാണ്.

എത്ര തന്നെ താല്പര്യമില്ലെങ്കിലും ഹൃദയസാന്നിധ്യമില്ലെങ്കിലും അത് ഒഴിവാക്കാൻ പാടില്ല.

രാത്രി എഴുന്നേൽക്കുന്നു; ഹൃദയസാനിധ്യമില്ലാതെയും അക്ഷമനായ അവസ്ഥയിലാണെങ്കിലും ശരി, അവൻ ആ അവസ്ഥയിലും ദുആ ചെയ്യുന്നു. നാഥാ, ഹൃദയം നിന്റെ നിയന്ത്രണത്തിലാകുന്നു. നീ തന്നെ അതിനെ പരിശുദ്ധമാക്കേണമേ. ഹൃദയം ഞെരുക്കത്തിലാണ്. അതിൽ വിശാലതയുണ്ടാകാൻ അവൻ ആഗ്രഹിക്കുന്നു. ഈ ഞെരുക്കത്തിൽനിന്ന് പിന്നീട് വിശാലതയിലേക്ക് വരുന്നു. അപ്പോൾ ആത്മാവ് ദൈവസവിധത്തിൽ വെള്ളം പോലെ ഒഴുകുന്നതായി അവന് അനുഭവപ്പെടുന്നതാണ്. ദുആ എല്ലാ പ്രയാസങ്ങളെയും എളുപ്പമുള്ളതാക്കുന്നു. ആളുകൾക്ക് ദുആയുടെ വിലയും നിലയും മനസിലായിട്ടില്ല. അവർ വളരെ വേഗം നിരാശരും ഹതാശരുമായി മാറുന്നു. വാസ്തവത്തിൽ, ദുആക്ക് ഒരു സ്ഥൈര്യവും നൈരന്തര്യവും ആവശ്യമാണ്. പക്ഷെ, ആത്മാർത്ഥതയും അത്യധ്വാനവുമാണ് അതിനുള്ള നിബന്ധന. അത് ദുആ മുഖേനത്തന്നെയാണ് ഉണ്ടാവുക.

ഈ നിബന്ധന ഉണ്ടാക്കേണ്ടതിന് വേണ്ടി നമ്മുടെ മനസ്സുകളെ നിരീക്ഷിക്കണം. ഈ ആത്മാർത്ഥതയുടെയും അത്യാധ്വാനത്തിന്റെയും അവസ്ഥ നമ്മളിൽ ഉണ്ടായിട്ടുണ്ടോ, അത് ഉണ്ടാക്കാൻ നാം പരിശ്രമിക്കുന്നുണ്ടോ? ദുആയുടെ തത്വം വിവരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: മനുഷ്യൻ ഇഹലോക ജീവിതത്തെ വളരെ മോശമാണെന്ന് മനസിലാക്കിക്കൊണ്ട് അതിൽ നിന്നു പുറത്തേക്ക് വരാൻ ശ്രമിക്കുകയും ദുആ ചെയ്യുകയും വേണം. അങ്ങനെ അവൻ ഉപായങ്ങൾ യഥാവിധി ഉപയോഗപ്പെടുത്തുമ്പോൾ, സത്യസന്ധമായ രീതിയിൽ ദുആകൾ ചെയ്യുമ്പോൾ അല്ലാഹു അവസാനം അവന് മോക്ഷം നൽകുന്നു. അവൻ പാപപങ്കിലമായ ജീവിതത്തിൽനിന്ന് പുറത്തേക്ക് വരുന്നു. കാരണം, ദുആ ഒരു നിസാര സംഗതിയല്ല. മറിച്ച്, അതും ഒരു മരണം തന്നെയാകുന്നു. ഈ മരണത്തെ ഒരാൾ വരിക്കുമ്പോൾ അല്ലാഹു അവനെ മരണത്തിന് കാരണമായ കുറ്റവാളികളുടേതായ ജീവിതത്തിൽനിന്നു രക്ഷിക്കുന്നു. അവന് ഒരു പരിശുദ്ധജീവിതം നൽകുന്നു. ആയതിനാൽ, രാത്രികളിൽ എഴുന്നേറ്റ് വളരെ വിനയാന്വിതമായി കരഞ്ഞു വിലപിച്ചുകൊണ്ട് ദൈവസവിധത്തിൽ തന്റെ പ്രയാസങ്ങൾ അവതരിപ്പിക്കുക. മരണത്തിന്റെ അവസ്ഥ വരെ അതിനെ എത്തിക്കുക. ആ സമയത്ത് ദുആ സ്വീകാര്യതയുടെ അവസ്ഥയിലേക്ക് എത്തുന്നതാണ്.

പറയുന്നു: ഓർക്കുക, ഏറ്റവും പ്രഥമവും പ്രധാനവുമായ ദുആ, മനുഷ്യൻ തന്നെ തിന്മകളിൽനിന്ന് പരിശുദ്ധനാകുന്നതിനുവേണ്ടി ദുആ ചെയ്യുക എന്നുള്ളതാണ്. എല്ലാ ദുആകളുടെയും അടിത്തറയും സാരാംശവും ഇത് തന്നെയാകുന്നു. കാരണം, ഈ ദുആ സ്വീകരിക്കപ്പെടുകയാണ് എങ്കിൽ മനുഷ്യൻ സകല മാലിന്യങ്ങളിൽ നിന്നും വൃത്തികേടുകളിൽ നിന്നും പരിശുദ്ധനായി ദൈവദൃഷ്ടിയിൽ പരിശുദ്ധനായി മാറുന്നതാണ്. പിന്നെ അവന്റെ ആവശ്യത്തിനുള്ള മറ്റു ദുആകൾ അവന് ചെയ്യേണ്ടതായിപ്പോലും വരുന്നതല്ല. അതെല്ലാം സ്വയം സ്വീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതാണ്.

ദുആ സ്വീകാര്യതക്ക് ആവശ്യമായ അവസ്ഥ എന്താണെന്ന കാര്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്[(അ)] പറയുന്നു: ദുആയുടെ ഉള്ളിൽ സ്വീകാര്യതയുടെ പ്രഭാവമുണ്ടാകുന്നത് അത് അതിന്റെ പാരമ്യത്തിൽ അസ്വസ്ഥപരിതമായി തീരുമ്പോഴാണ്. ഇതൊരു നിസാര സംഗതിയല്ല. മറിച്ച്, ഒരു മഹത്തായ യാഥാർഥ്യമാകുന്നു. മാത്രമല്ല, യാഥാർഥ്യമെന്തെന്നാൽ, അല്ലാഹുവിന്റെ പ്രഭാവം കാണാൻ ആഗ്രഹിക്കുന്നവർ ദുആകൾ ചെയ്യട്ടെ. സ്ഥായീഭാവത്തോടെ ദുആ ചെയ്യണമെന്ന് ഉപദേശിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: ദുആ ചെയ്യുന്ന സമയത്ത് താല്പര്യമില്ലായ്മയും ആസ്വസ്ഥതയും ഉള്ള നിലയിൽ ആകരുത്. വേഗം ക്ഷീണിച്ചു മാറിയിരിക്കരുത്. ദുആ അതിന്റെ പൂർണമായ പ്രഭാവം കാണിക്കുന്നത് വരെയും മാറാൻ പാടില്ല. ക്ഷീണിക്കുകയും ആസ്വസ്ഥത കാണിക്കുകയും ചെയ്യുന്നവർ അബദ്ധം കാണിക്കുന്നവരാണ്. ഇത് ഒഴിവാക്കപ്പെടുന്നതിന്റെ അടയാളമാകുന്നു.

ചുരുക്കത്തിൽ, നമുക്ക് ഈ ദിവസങ്ങളിൽ അല്ലാഹു പ്രത്യേകമായും ഈ ഒരു അനുഗ്രഹത്തിന്റെ മാസം നൽകിയിരിക്കുന്നു. നമ്മുടെ ഉള്ളിൽ പരിശുദ്ധ മാറ്റമുണ്ടാക്കി ദുആകളിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. അതാണ് നമ്മുടെ ഇഹപര ലോകങ്ങൾ നന്നാക്കുന്നതിനുള്ള മാർഗം. റമദാന്റെ അവസാന പത്തിൽ പ്രത്യേകമായും അല്ലാഹുവിന്റെ കല്പനകളെ നമ്മുടെ പ്രവർത്തന രൂപരേഖയാക്കിക്കൊണ്ട് വിശ്വാസത്തിൽ സുദൃഢത ഉണ്ടാക്കിക്കൊണ്ട്, രാത്രിയിൽ എഴുന്നേറ്റ് അവന്റെ സന്നിധിയിൽ കുനിഞ്ഞുകൊണ്ട് അവന്റെ സാമീപ്യം കരസ്തമാക്കാൻ ശ്രമിക്കേണ്ടതാണ്. അങ്ങനെ അല്ലാഹു നമുക്ക്‌വേണ്ടി ഇച്ഛിക്കുന്ന സന്മാർഗം കരസ്തമാക്കാൻ നമുക്ക് കഴിയുമാറാകട്ടെ.

റമദാനിലെ ദുആകളിൽ പ്രത്യേകമായും ജമാഅത്തിന്റെ പുരോഗതിക്ക്‌വേണ്ടി ദുആ ചെയ്യുക. കൽതുറങ്കുകളിൽ കിടക്കുന്നവർക്ക് വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എത്രയും വേഗം അവർക്ക് മോചനത്തിന് വഴിയൊരുക്കുമാറാകട്ടെ. യമനിലെ ബന്ധനസ്ഥർക്ക്‌വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരുടെ മോചനത്തിനും എത്രയും വേഗം വഴിയൊരുക്കുമാറാകട്ടെ. ജമാഅത്തിനെ സംബന്ധിച്ച് എതിരാളികളുടെ മനസ്സിലുള്ള ദുർധാരണകളെ അല്ലാഹു എത്രയും വേഗം മാറ്റുമാറാകട്ടെ. ഫലസ്തീനികളെയും ദുആകളിൽ ഓർക്കുക. അല്ലാഹു തന്നെ ഈ മർദിതരെ ഈ ദ്രോഹികളിൽ നിന്നു രക്ഷിക്കട്ടെ. നമുക്കും മർദിതർക്ക് വേണ്ടിയുള്ള ദുആ യഥാ വിധി ചെയ്യാൻ തൗഫീഖ് നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ- وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarak, Islamabad, Tilford, UK – on 29.03.2024

Malayalam Translation & layout: **Moulavi T. Jamshad Mukkam**

Typing: Tariq Ahmad Alanallur, For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516